LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. വർദ്ധിപ്പിച്ച ഫീസ് നിരക്കുകൾ

4 (5808). ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം തരത്തിലുള്ള ഫീസ് നിരക്കുകളാണ് കെ.എസ്.ഇ.ബി. വർദ്ധിപ്പിച്ചത് ; വിശദവിവരമടങ്ങിയ സ്റ്റേറ്റ്മെന്റ് നൽകുമോ ?

ഉത്തരം

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 1-4-2014-ൽ നിലവിൽ വന്ന കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ നിഷ്കർഷിച്ചിട്ടുള്ള പുതിയ സേവനങ്ങൾക്കുള്ള നിരക്കുകൾ 1-7-2015-ലെ ഉത്തരവുപ്രകാരം കേരള വൈദ്യുതി റഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളതാണ്. ഇവ ഉൾപ്പെടെയുള്ള ഫീസ് നിരക്കുകൾ ക്രോഡീകരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.

കെ.എസ്.ഇ.ബി.-യെ വിഭജിച്ച് കമ്പനിയാക്കൽ

5 (5809) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ വിഭജിച്ച് കമ്പനികൾ ആക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) കെ.എസ്.ഇ.ബി. വിഭജിച്ച് കമ്പനിയാക്കിയതിലൂടെ എന്തെങ്കിലും മെച്ചപ്പെട്ട സംവിധാനം നിലവിൽ വന്നുവോ ; എന്തെല്ലാം ഗുണങ്ങളാണ് ഉണ്ടായത് ;

(സി) ബോർഡിന്റെ ആസ്തി ബാധ്യത സംബന്ധിച്ച കാര്യങ്ങൾ എങ്ങനെയാണ് നിശ്ചയിച്ചിരിക്കുന്നത് ;

(ഡി) നിലവിൽ കെ.എസ്.ഇ.ബി.-യ്ക്ക് എത്ര തുകയുടെ ബാധ്യതയുണ്ട് ;

(ഇ) പ്രസ്തുത ബാധ്യത എങ്ങനെ നികത്തുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(എഫ്) കെ.എസ്.ഇ.ബി.-യുടെ നഷ്ടം കുറച്ചുകൊണ്ട് വരുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം ലഭ്യമാക്കാമോ ?